ധിഷണയുടെ പ്രകാശനാളങ്ങൾ 6



# റെയ്മൺ പണിക്കർ: ഉൺമയുടെ താളം

**എന്താണ് യാഥാർത്ഥ്യം എന്ന ചോദ്യത്തിന്മേലുള്ള ദീർഘവും ഏകാഗ്രവുമായ മനനത്തിന്റെ ഫലമാണ് പണിക്കരുടെ ചിന്തകളത്രയും**

■ ഫാ. ഡോ. കെ.എം. ജോർജ്



റെയ്മൺ പണിക്കർ (1918–2010) പകുതി മലയാളിയും പകുതി സ്പാനിഷുമാണ്. പാലക്കാട്ടുകാരൻ രാമുണ്ണി പണിക്കരാണ് അച്ഛൻ. അമ്മ സ്പെയിൻകാരിയും. ഉപരിപഠനം നടത്താനാണ് രാമുണ്ണി പണിക്കർ ഇംഗ്ലണ്ടിൽ പോയത്. അവിടെനിന്നും പലവഴിത്തിരിഞ്ഞ് സ്പെയിനിലെ കാറ്റലൻ പ്രവിശ്യയിൽ എത്തി. തുകൽ വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന ഒരു സമ്പന്ന കുടുംബത്തിൽനിന്ന് വിവാഹം കഴിച്ചു. അവരുടെ നാലു മക്കളിൽ മൂത്തയാളാണ് റെയ്മൺ.

ചെറുപ്പത്തിലേതന്നെ ഫിലോസഫിയിലും മതപഠനത്തിലും താല്പര്യം കാണിച്ച പ്രതിഭാശാലിയായ റെയ്മൺ 1946–ൽ കത്തോലിക്കാസഭയിൽ വൈദികനായി. രസതന്ത്രത്തിലും ഫിലോസഫിയിലും ദൈവശാസ്ത്രത്തിലും ഡോക്ടറൽ ബിരുദം നേടി. 1954–ൽ ആദ്യമായി ഇന്ത്യയിൽ വന്ന് മൈസൂർ, ബനാറസ് സർവകലാശാലകളിൽ ദീർഘമായ പഠനവും ഗവേഷണവും നടത്തി. 'ദ വേദിക് എക്സ്പീരിയൻസ്: മന്ത്രമഞ്ജരി' എന്ന പ്രശസ്തമായ പുസ്തകം ചതുർവേദങ്ങളിൽനിന്ന് തിരഞ്ഞെടുത്ത ശ്ലോകങ്ങളുടെ ഇംഗ്ലീഷ് തർജ്ജമയും ഭാഷ്യവുമാണ്. പന്ത്രണ്ടോളം ഭാഷകൾ പരിചിതമായിരുന്ന റെയ്മൺ പണിക്കർ, അവസാനകാലം ചെലവഴിച്ചത് സ്പെയിനിലെ ഒരു മലയിൽ പണിത പർണശാലയിലാണ്. മതാന്തരസംവാദം, മതങ്ങളുടെ താരതമ്യപഠനം എന്നിവയിൽ അതിപ്രഗൽഭമായ സംഭാവനകൾ നൽകിയ പണിക്കർക്ക് ലഭിച്ച ബഹുമതികളിലൊന്ന് പ്രശസ്തമായ ഗിഫർഡ് പ്രഭാഷണങ്ങൾ നടത്താനുള്ള ക്ഷണമായിരുന്നു.

യൂറോപ്പിൽനിന്നും മുപ്പത്താറാം വയസ്സിൽ ആദ്യമായി ഇന്ത്യയിൽ വന്നതിനെക്കുറിച്ച് റെയ്മൺ പണിക്കരുടെ പ്രസിദ്ധമായ ഒരു പ്രസ്താവനയുണ്ട്: "ഞാൻ യൂറോപ്പിൽനിന്നും (ഇന്ത്യയിലേക്ക്) പുറപ്പെട്ടത് ക്രിസ്ത്യാനി ആയിട്ടാണ്. ഞാൻ ഒരു ഹിന്ദുവാണെന്ന് കണ്ടെത്തി. തിരിച്ചുപോയത് ബൗദ്ധനായി

ട്ടാണ്. ഒരിക്കലും ക്രിസ്ത്യാനി അല്ലാതായുമില്ല (I started from Europe as a Christian, discovered that I was a Hindu, returned as a Buddhist never ceasing to be Christian).

ഇത് പണിക്കരുടെ ജീവിതദൗത്യമായിരുന്നു. സംസ്കാരങ്ങളുടെയും മതങ്ങളുടെയും ആഴമായ ഉൾക്കാഴ്ചകളെ സമന്വയിപ്പിക്കുന്ന ഒരു ദർശനം. സിൻക്രട്ടിസം എന്ന ഇംഗ്ലീഷിൽ പറയുന്ന ഒരു മതസങ്കരം സൃഷ്ടിക്കുക എന്നതല്ല അദ്ദേഹം ഉദ്ദേശിച്ചതും നേടിയതും. നേരേമറിച്ച്, മതങ്ങൾ നൽകുന്ന ഉൾക്കാഴ്ചകളിലൂടെ യാഥാർത്ഥ്യത്തിന്റെ സർവാതിശായിയായ സ്രോതസ്സിലേക്ക് പ്രവേശിക്കുക എന്നതായിരുന്നു ലക്ഷ്യം. ഒന്നിലധികം മാർഗങ്ങളിലൂടെ അതിലേക്ക് പ്രവേശിക്കാം എന്നത് അദ്ദേഹത്തിന്റെ അനുഭവവും ജീവിത പശ്ചാത്തലവുമായിരുന്നു. ആഴമായ ആനന്ദത്തിന്റെ ഉറവയാണിത്. പണിക്കരുടെ കൃതികൾ ഓടിച്ചുനോക്കിയാൽ എപ്പോഴും അദ്ദേഹം അനുഭവിച്ച ആനന്ദമൂർച്ഛ കുറെയൊക്കെ നമുക്ക് മനസ്സിലാകും. ആധുനികവും പുരാതനവുമായ നിരവധി ഭാഷകൾ നൽകിയ കൈവെളിച്ചം, പാശ്ചാത്യവും പൗരസ്ത്യവുമായ ദാർശനിക-വേദപാണ്ഡിത്യത്തിന്റെ സങ്കീർണമായ യുക്തികളും വിവാദങ്ങളും സംവാദങ്ങളും എല്ലാറ്റിനുമുപരി ഉൺമയുടെ ഉള്ളുകളിലേക്ക് പ്രവേശിക്കാനുള്ള അദ്ദേഹത്തിന്റെ അദമ്യമായ അഭിനിവേശം-ഇവയെല്ലാം സമന്വയിക്കുമ്പോൾ റെയ്മണ്ട് പണിക്കരുടെ ജീവിതദർശനം ഉരുത്തിരിയുകയായി.

ഇവിടെ അദ്ദേഹം ഒരു യഥാർത്ഥ ദാർശനികനായിട്ടാണ് ചോദ്യങ്ങൾ ഉന്നയിക്കുന്നത്. ഫിലോസഫിയിലെ ഒരു മൗലിക ചോദ്യം, "എന്താണ്" (What is?) അല്ലെങ്കിൽ, "എന്തുണ്ട്?" എന്നാണ്. "അത് എന്താണ്" (What is that) എന്നല്ല ചോദ്യം. അത് എന്താണ്, ഇത് എന്താണ് എന്ന് ചോദിച്ചാൽ നമുക്ക് പെട്ടെന്ന് ഉത്തരം പറയാം. കൊച്ചുകുട്ടികൾ നിരന്തരം അങ്ങനെ ചോദിക്കും. എന്തെങ്കിലുമൊക്കെ ഉത്തരം പറഞ്ഞ് മുതിർന്നവർ രക്ഷപ്പെടും. ഈ ലോകത്തിലേക്ക് പുതിയ അതിഥികളായി വരുന്ന കുട്ടികളുടെ പുതിയ കണ്ണും പുതിയ മനസ്സും ഉയർത്തുന്ന ചോദ്യങ്ങൾക്ക് എപ്പോഴും ഒരു ദാർശനിക സ്വഭാവമുണ്ട്. പക്ഷേ, നാമത്, 'അതും' 'ഇതു'മായി മാറ്റി ഉത്തരം കൊടുക്കും. ശാസ്ത്രീയമായ ഉത്തരങ്ങളും സാങ്കല്പികമായ ഉത്തരങ്ങളും പരമ്പരാഗതങ്ങളായ ഉത്തരങ്ങളുമൊക്കെ നമ്മുടെ അറിവനുസരിച്ച് നാം കൊടുക്കും. ഒന്നും കൊടുക്കാനായില്ലെങ്കിൽ, "നീ വെറുതെ അതുമിതും ചോദിക്കാതെ പോയി പഠിക്ക്, പരീക്ഷയിപ്പോൾ തലയിൽ കയറും" എന്ന് പറഞ്ഞ് വിരട്ടും.

## ഉൺമയുടെ താളം

ദാർശനികനായ പണിക്കരുടെ മൗലിക ചോദ്യം, "എന്താണ്?" (What is?) എന്നാണ്. എന്താണ് വാസ്തവത്തിൽ ഉള്ളത്? ഉള്ളതിന്റെ അല്ലെങ്കിൽ ഉൺമയുടെ സ്വഭാവമെന്താണ്? സാധാരണ മലയാളത്തിൽ, "നീ ഉണ്ടോ?" എന്നു ചോദിച്ചാൽ "ഞാൻ ഉണ്ടു" അല്ലെങ്കിൽ "ഞാൻ ഉണ്ടില്ല" എന്നാണ് ഉത്തരം. വിഷയം ചോറു തന്നെ! എന്നാൽ ദാർശനികതലത്തിൽ, നീ ഉണ്ടോ? (Are You?) എന്നാണ് ചോദ്യം. എല്ലാവരും ഒരുപോലെയല്ല അതിനുത്തരം കൊടുക്കുക. ഈയിടെ ലബനനിലെ ബെയ്റൂട്ടിൽ വച്ച് നടന്ന ഒരു ദാർശനിക സംഗമത്തിൽ സംബന്ധിച്ച രണ്ടാഴ്ചത്തെ ക്ലാസ്സുകളും ചർച്ചകളും കഴിഞ്ഞ്, പുരാതനമായ ബാൽബെക്ക് കാണാൻ എല്ലാവരും പുറപ്പെട്ടു. ബസ് വിടാറായപ്പോൾ ഗൈഡായ സ്ത്രീ ബസ്സിൽ കയറി വിളിച്ചുചോദിച്ചു: "എല്ലാവരും ഇവിടെ ഉണ്ടോ?" എന്റെ തൊട്ടടുത്തിരുന്ന ഒരാളൊഴിച്ച് എല്ലാവരും കൈപൊക്കി. അയാൾ ഒരു ബ്രിട്ടീഷ് ഫിലോസഫറാണ്. അദ്ദേഹം പറഞ്ഞു: "ഞാനുണ്ടോ എന്ന് എനിക്ക് നിശ്ചയമില്ല." കുസൃതിയുത്തരമാണ്. പക്ഷേ, ദാർശനിക വിശകലനത്തിന്റെ ആഴത്തിൽ ഇങ്ങനെയും ചിലർക്ക് സംശയം വരാം.



റെയ്മൺ പണിക്കരുടെ അവസാനത്തെ കൃതിയാണ് Rhythm of Being എന്ന പുസ്തകം. അതിൽ നിന്നാണ് 'ഉൺമയുടെ താളം' എന്ന ശീർഷകം പ്രഭാഷണത്തിന് കൊടുത്തത്. ബൃഹത്തും സങ്കീർണവുമായ ഈ കൃതിയെക്കുറിച്ചോ പണിക്കരുടെ വിവിധ ഗ്രന്ഥങ്ങളെക്കുറിച്ചോ സംസാരിക്കാനുള്ള ശ്രമമല്ല ഇവിടെ നടത്തുന്നത്. അദ്ദേഹത്തിന്റെ ചിന്താപ്രപഞ്ചത്തെ നിരന്തരം സജീ



നിക്കോളാസ് പൗസിന്റെ 'സംഗീതകാലത്തെ നൃത്തം' എന്ന പെയിന്റിങ് (1636)

വമാക്കി നിർത്തിയ പ്രചോദനങ്ങളിൽ ഏതാനും ചിലതിനെക്കുറിച്ച് സൂചിപ്പിക്കാൻ മാത്രമേ കഴിയൂ.

സർവ യാഥാർത്ഥ്യത്തെയും ഒന്നായിക്കാണുന്ന ഒരു സാകല്യ ദർശനം ആണ് പണിക്കരുടേത്. ഈ യാഥാർത്ഥ്യത്തെ അദ്ദേഹം ഉൺമ (Being) എന്നു വിളിക്കുന്നു. പക്ഷേ, തന്റെ ദർശനം വെറുമൊരു സ്കെച്ച് ആണ് എന്ന് അദ്ദേഹം ഏറ്റു പറയുന്നു. ഒരു കലാകാരൻ തന്റെ സൃഷ്ടിക്കുവേണ്ടി തയാറാക്കുന്ന അനേകം സ്കെച്ചുകൾ ഉണ്ട്. സംഗീതമായാലും ശില്പമായാലും ചിത്രമായാലും കലാസൃഷ്ടിയുടെ നക്കൽ രൂപങ്ങളാണവ. തന്റെ സൃഷ്ടി പൂർത്തിയായാലും ഒരു നല്ല കലാകാരൻ അതിനെ മറ്റൊരു സ്കെച്ച് എന്നേ വിളിക്കൂ. ഇതുപോലെയാണ് റെയ്മൺ പണിക്കരും തന്റെ യാഥാർത്ഥ്യ ദർശനത്തെ കരുതുന്നത്.

തന്റെ കാഴ്ചപ്പാടിനെ പ്രധാനമായും രൂപപ്പെടുത്തിയത് ഇന്തോ-യൂറോപ്യൻ സംസ്കാരത്തിന്റെ ചട്ടക്കൂടാണ് എന്ന് അദ്ദേഹം എടുത്തു പറയുന്നുണ്ട്. എന്നാൽ ഇന്തോ


–യൂറോപ്യൻ കാഴ്ചപ്പാടു ലോകത്തിലെ മറ്റനേകം ദർശനവ്യവസ്ഥകളിൽ ഒന്നുമാത്രമാണെന്നും അതിന് പ്രത്യേക അപ്രമാദിത്വം ഒന്നുമില്ലെന്നും അദ്ദേഹം പറയുമ്പോൾ സാർവലൗകികമായ അർത്ഥമൊന്നും അദ്ദേഹം അവകാശപ്പെടുന്നില്ല. ഒരു സംസ്കാരത്തിന്റെ കാഴ്ചപ്പാടു മാത്രമായി അവയെ കരുതിയാൽ മതി.

## സിദ്ധാന്തവും പ്രതികവും

മതസംസ്കാരങ്ങളിൽ ക്രിസ്തീയ, ഹൈന്ദവ, ബൗദ്ധ ധാരകളാണ് പണിക്കർ പ്രധാനമായും തന്റെ വിചിന്തന പശ്ചാത്തലമായി ഉപയോഗിക്കുന്നത്. കൂട്ടത്തിൽ ആധുനിക ശാസ്ത്രവുമായുള്ള സംവാദവുമുണ്ട്. ആനുകാലിക സാമ്പത്തിക–രാഷ്ട്രീയ വിവാദങ്ങളും നൈതിക വിചിന്തനവും പ്രത്യയശാസ്ത്രങ്ങളും എല്ലാം പണിക്കരുടെ ദർശനത്തിന് കൂട്ടുവരുന്നുണ്ടെങ്കിലും എന്താണ് യാഥാർത്ഥ്യം എന്ന മൗലികമായ ചോദ്യത്തെക്കുറിച്ചുള്ള ദീർഘവും ഏകാഗ്രവുമായ മനനത്തിൽ മുഴുകാനാണ് അദ്ദേഹം ദീർഘവർഷങ്ങൾ ഉപയോഗിച്ചത്. വാരണാസിയിൽ താമസിച്ച പത്ത് വർഷങ്ങളത്രയും പഠനവും ധ്യാനവും മനനവും പ്രാർത്ഥനയുമായിരുന്നു.

സംസ്കൃതം, ഗ്രീക്ക്, ലത്തീൻ എന്നീ പുരാതന ഇന്തോ യൂറോപ്യൻ ഭാഷകളിലുള്ള അസാധാരണമായ വ്യുൽപ്പത്തിമൂലം, പണിക്കർ ഉപയോഗിക്കുന്ന ഓരോ പ്രധാന വാക്കിനും ഒന്നിലധികം ധ്വനികളുണ്ട്. അദ്ദേഹത്തിന്റെ മനസ്സ് വളരെ സർഗാത്മകമായതുകൊണ്ട് വാക്കുകൾ തമ്മിലുള്ള ബന്ധം വിസ്മയകരമായ അർത്ഥതലങ്ങളെ വെളിപ്പെടുത്തും. ഒരിക്കലും ആക്ഷരികമായി അദ്ദേഹം ഭാഷയെ എടുക്കുന്നില്ല.

സിദ്ധാന്തവും പ്രതീകവും (concept and symbol) തമ്മിലുള്ള ഗൗരവമായ വ്യത്യാസം പണിക്കർ ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹം പ്രതീക ഭാഷയാണ് ഉപയോഗിച്ചത്. സത്യത്തെ ഏകതാനവും ഏകരൂപവുമായി സിദ്ധാന്തരൂപത്തിൽ നിർദ്ധാരണം ചെയ്യാൻ നാം ശ്രമിക്കാറുണ്ട്. ഒന്നിലധികം വ്യാഖ്യാനങ്ങൾ അവി



ടെയില്ല. എന്നാൽ പ്രതീകം അങ്ങനെയല്ല. അതിന് ബഹുതല വ്യാഖ്യാനം സാദ്ധ്യമാണ്. സത്യത്തെ അത് നിർവചനാതീതമായി കരുതുന്നു. അതുകൊണ്ട് നർമവും ഭാവനയും വാക്കും മനനവും എല്ലാം കലർത്തി വ്യാഖ്യാനിക്കാനാവും. അതൊരു തരം ഭാഷാ ലീലയാണ്. ആത്യന്തിക യാഥാർത്ഥ്യത്തോടുള്ള സമീപനത്തിൽ ഇങ്ങനെയൊരു പ്രതീകാത്മക നിലപാടാണ് പണിക്കർ സ്വീകരിക്കുന്നത്. വാക്കുകൾ ഇവിടെ സിദ്ധാന്ത സൂചകങ്ങളല്ല, പ്രതീകാർത്ഥങ്ങൾ ഉണർത്തുന്നവയാണ്.

അക്ഷരവും വാക്കും വാക്യവും അദ്ദേഹത്തിന് പ്രതീകങ്ങളാണ്. അവയുടെ പ്രതീക ശക്തിയിൽ ഊന്നിനിന്നുകൊണ്ടാണ് അദ്ദേഹം ഭാഷയെത്തന്നെ വിമർശിക്കുന്നത്. ഉദാഹരണമായി ആധുനിക യൂറോപ്യൻ ഭാഷകൾ എല്ലാം ഒരേ ലിപിയിൽ, ഒരേ യുക്തിയിൽ, ഇടത്തുനിന്നു വലത്തോട്ട്, രേഖീയമായി എഴുതപ്പെടുന്നതാണ്. ഒന്നിനു പുറകെ ഒന്നായി ആശയങ്ങൾ യുക്തിപരമായി ബന്ധിച്ച് ചിന്ത മുന്നേറുന്നു എന്നാണ് ഇവിടെ സങ്കല്പം. യാഥാർത്ഥ്യത്തെ ഗ്രഹിക്കാനുള്ള കഴിവ് ഇവിടെ വളരെ കുറഞ്ഞുപോകുന്നു എന്നാണ് പണിക്കരുടെ പക്ഷം. ഇത് വരമൊഴിയുടെ പ്രശ്നമാണ്. ഒരേ താളത്തിൽ ഒരേ ശബ്ദത്തിൽ പുരോഗമിക്കുന്നതല്ല ഭാഷ. ശരിയായ ഭാഷ ഒരു സിംഫണി ഓർക്കസ്ട്ര പോലെയാണ്. ഒരേ സമയം നിരവധി വ്യത്യസ്തമായ സംഗീതോപകരണങ്ങൾ ഉപയോഗിച്ച്, അവ തമ്മിൽ തത്സമയം കൂടിക്കലരുകയും അകന്നുപോവുകയും വട്ടംചുറ്റുകയും തമ്മിൽ പുണരുകയും ചെയ്ത് പുതിയൊരു അനുഭൂതി മണ്ഡലം സൃഷ്ടിക്കുന്നു. ശരിയായ ഭാഷയിൽ പ്രത്യേകിച്ചും പഴയ വാമൊഴി പാരമ്പര്യത്തിൽ രേഖീയമായ യുക്തിയല്ല ഉപയോഗിക്കുന്നത്. പ്രധാന ആശയത്തെ പുറകിൽനിന്നും വിവിധ വശങ്ങളിൽ നിന്നും പ്രകാശിപ്പിക്കാനുള്ള കഴിവ് ആധുനിക രേഖീയ ഭാഷകൾക്കില്ല. അതുകൊണ്ട് പണിക്കരുടെ കൃതികളിലും നമ്മുടെ വായന ഒരിക്കലും രേഖീയമായി പുരോഗമിക്കയില്ല. കുറെ ചെന്നുകഴിയുമ്പോൾ വീണ്ടും നമ്മെ വാക്കുകളുടെ മൂലസ്രോതസ്സിലേക്ക് തിരിച്ചയയ്ക്കും. നാം പല കറക്കങ്ങൾ കറങ്ങി തിരിച്ചുവരുമ്പോൾ നേരത്തെ മനസ്സിലായി എന്നു വിചാരിക്കുന്ന കാര്യങ്ങൾ ഇല്ലാതാവുകയോ അവയ്ക്ക് രൂപാന്തരം സംഭവിക്കയോ ചെയ്യും.

നമ്മുടെ യാഥാർത്ഥ്യവീക്ഷണത്തെ മാറ്റിമറിക്കുന്ന ഈ രീതിയുടെ മാതൃക ജീവൻ തന്നെയാണെന്ന് റെയ്മൺ പണിക്കർ വിശ്വസിക്കുന്നു. ''ജീവൻ വെറും ആവർത്തനമോ തുടർച്ചയോ അല്ല. അത് വളർച്ചയാണ്, അതായത് ഒരേ സമയം ഇടർച്ചയും തുടർച്ചയുമുണ്ട്. ജീവിതം സൃഷ്ടിക്കലാണ്.'' അതുകൊണ്ട് നമുക്കു മുൻപിലുള്ള വഴി മുൻകൂട്ടി ആരെങ്കിലും ഒരുക്കിയിട്ടില്ല. തന്റെ രീതിശാസ്ത്രത്തിന്റെ സൂചനയായി പണിക്കർ ഉദ്ധരിക്കുന്നത് സ്പാനിഷ് കവിയായ 'അന്തോണിയോ മച്ചാഡോ'യെയാണ്.

*''വഴിയാത്രക്കാരാ,*
*നിന്റെ കാലടികളാണ് നിന്റെ വഴി*
*മറ്റൊരു വഴിയുമില്ല.*
*വഴിയാത്രക്കാരാ, മറ്റൊരു വഴിയുമില്ല*
*യാത്ര ചെയ്യുമ്പോൾ നീ തന്നെ വഴിയുണ്ടാക്കുന്നു.''*

അനന്തവും അനുച്ചരണീയവുമായ യാഥാർത്ഥ്യത്തിലേക്കുള്ള വഴി ഇങ്ങനെയാണ്.

1989-ൽ എഡിൻബറോ സർവകലാശാലയിൽ പ്രശസ്തമായ Gifford Lectures നടത്തിയതിൽനിന്ന് ഉരുത്തിരിഞ്ഞതാണ് പണിക്കരുടെ Rhythm of Being എന്ന പുസ്തകം. വളരെ പ്രശസ്തരായ പണ്ഡിതന്മാരും ശാസ്ത്രജ്ഞരും ദാർശനികരും മറ്റും നടത്തിയിട്ടുള്ള ഗിഫർഡ് പ്രഭാഷണ പരമ്പരയുടെ നൂറാം വർഷമാണ് പണിക്കർ പ്രഭാഷകനായി ക്ഷണിക്കപ്പെട്ടത്. പക്ഷേ, അവിടെ നടത്തിയ പ്രഭാഷണങ്ങൾ ഏതാണ്ട് 20 വർഷം കഴിഞ്ഞ് 2009-ലാണ് പ്രസിദ്ധീകരിക്കാൻ അദ്ദേഹം അനുവാദം കൊടുത്തത്. കാരണമായി അദ്ദേഹം പറഞ്ഞത് തന്റെ യഥാർത്ഥ അനുഭവത്തിൽ വരാത്ത ഒരു വാചകവും പ്രസിദ്ധീകരിക്കരുത് എന്ന നിർബന്ധം കൊണ്ടാണ്. പ്രഭാഷണത്തിനുവേണ്ടി തന്റെ ആത്മസത്തയെ മുഴുവൻ ഒരുക്കാതെ എന്തെങ്കിലും സമർത്ഥമായി പറയാൻ തയാറാകണം എന്നതായിരുന്നു പലരെയുംപോലെ അദ്ദേഹത്തിനും ഉണ്ടായ വലിയ പരീക്ഷണം. "എന്തു പറയാൻ സാധിക്കുക എന്നതല്ല, എന്തായിരിക്കാൻ കഴിയുക" എന്നതാണ് പ്രധാനം എന്നു പണിക്കർക്ക് പിന്നീട് ബോധ്യമായി. അതുകൊണ്ട് പറഞ്ഞത് പലതും വെട്ടിക്കളഞ്ഞും തിരുത്തിയുമാണ് പ്രസിദ്ധീകരണത്തിനുവേണ്ടി നീണ്ടവർഷങ്ങൾ കാത്തിരുന്നത്.

സമ്പൂർണത, സമഗ്രത എന്നൊക്കെ നാം സൂചിപ്പിക്കുന്ന ആത്യന്തിക യാഥാർത്ഥ്യത്തിലേക്കുള്ള പാതയിൽ പല ദ്വന്ദങ്ങളുണ്ട്: പൗരസ്ത്യവും പാശ്ചാത്യവും, ആധുനികവും പരമ്പരാഗതവും, ആന്തരികവും ബാഹ്യവും, സ്ത്രീലിംഗവും പുല്ലിംഗവും, ചൈനീസ് പൈതൃകത്തിലെ യിന്നും യാങും. ഇങ്ങനെ നിരവധി ദ്വന്ദങ്ങളുടെ സമന്വയം ഒരു ദൗത്യമായി കരുതുന്നവർക്കേ ജീവന്റെ രഹസ്യത്തിലേക്കുള്ള വഴി തിരിച്ചറിയാനാവൂ.

സകല വിജ്ഞാനവും പേറി, ചതുരാശ്രമങ്ങളുടെ ക്ലേശപൂർണമായ വഴികൾ താണ്ടിച്ചെന്നാലും, ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴിതടഞ്ഞു മിന്നൽ വിതറുന്ന വാളും ചുഴറ്റി ദൈവദൂതൻ കാവൽ നിൽക്കുന്നു എന്ന് പണിക്കർ ആത്മഗതം ചെയ്യുന്നു. (ദൈവത്തോട് അനുസരണക്കേട് കാണിച്ച് പാപം ചെയ്ത ആദമിനെയും ഹവ്വയെയും ഏദൻതോട്ടത്തിൽനിന്ന് ഇറക്കിവിട്ടതിനുശേഷം അവർ തിരിച്ചുകയറാതിരിക്കാൻ തീ ചിതറിച്ച് കറങ്ങുന്ന വാളുമായി ഒരു മാലാഖ കവാടത്തിൽ നിൽക്കുന്നതായി ബൈബിൾ വിവരിച്ചിരിക്കുന്നു)

## 1. ഉണ്മയുടെ താളം

പ്രപഞ്ചത്തിന്റെ താളത്തെക്കുറിച്ചുള്ള അതിമനോഹരവും അർത്ഥസമ്പൂർണവുമായ ഒരു മനനമാണ് പണിക്കർ നൽകുന്നത്. പുരാതന ഗ്രീക്ക് സംസ്കാരത്തിൽ മുസിക്കി (mousike) എന്ന വാക്കുണ്ട്. ഇംഗ്ലീഷിൽ മ്യൂസിക് ഉണ്ടായത് അതിൽനിന്നാണ്. മുസിക്കി മൂന്നു കാര്യങ്ങളെ സൂചിപ്പിച്ചു: ശബ്ദത്തിന്റെ താളം, ചലനത്തിന്റെ താളം, ഭാഷയുടെ താളം. ശബ്ദത്തിന്റെ താളമാണ് സംഗീതമായത്, ചലനത്തിന്റേത് നൃത്തം, ഭാഷയുടെ താളം കവിത. കവിത ഉൾപ്പെടെയുള്ള കലാ-സാഹിത്യ- നൃത്തങ്ങളെല്ലാം സംഗീതമാണ്, താളമാണ്. പ്ലേറ്റോയുടെ ചിന്തയിൽ രാഷ്ട്രത്തിന്റെ മൗലിക രാഷ്ട്രീയ സാമൂഹിക ഘടനകളുമായി ഈ താളം ബന്ധപ്പെട്ടിരിക്കുന്നു. സംഗീതത്തിന്റെ താളം മാറ്റിയാൽ അവയും മാറും. അതുകൊണ്ട് ഗ്രീക്ക് രാഷ്ട്രത്തിലെ പൗരന് നൽകുന്ന വിദ്യാഭ്യാസത്തിന്റെ കാതൽ രണ്ടു കാര്യങ്ങളിലാണ്.

1. ശരീരത്തിന് അഭ്യാസം അഥവാ ജിംനാസ്റ്റിക്സ്

2. മനസ്സിന് അഥവാ ആത്മാവിന് സംഗീതം.

ഇവ രണ്ടും താളമാണ്. ചൈനീസ് ആചാര്യനായിരുന്ന കുങ് ഫ്യൂറ്റ്സേയോട് ചൈനയിലെ ഒരു പ്രത്യേക സമൂഹത്തിൽ ക്രമസമാധാനം വീണ്ടെടുക്കുന്ന കാര്യത്തിന് ഉപദേശം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അവരുടെ സംഗീതം ആദ്യമൊന്ന് ചിട്ടപ്പെടുത്തണമെന്ന്, സംഗീതത്തിന്റെ താളമാണ് സമൂഹത്തിന്റെ ഏകോപനമാർഗം. സംഗീതത്തിലൂടെ സ്പന്ദിക്കുന്നത് പ്രപഞ്ചത്തിന്റെ താളമാണ്. ഭാരതീയ വേദപാരമ്പര്യത്തിൽ ആദി ശബ്ദത്തിന്റെ ധ്വനികളാണ് ഗായത്രിമന്ത്രത്തിലൂടെ സമ്പൂർണതയുടെ താളമായി മാറുന്നത്. പാശ്ചാത്യ ക്ലാസിക്കൽ വിദ്യാഭ്യാസത്തിൽ ചതുർ വിജ്ഞാനീയ സങ്കല്പമുണ്ട്(quatrivium): ജ്യോമട്രി, ആസ്ട്രോണമി, അരിതമെറ്റിക്, മ്യൂസിക്- (ഭൂമിശാസ്ത്രം, വാനശാസ്ത്രം, ഗണിതം, സംഗീതം). പ്രപഞ്ചയാഥാർത്ഥ്യത്തിന്റെ ഏറ്റവും മൗലിക ഘടനകളെ വെളിപ്പെടുത്തുന്നത് ഇവ നാലുമാണ് എന്നായിരുന്നു യൂറോപ്പിലെ സങ്കല്പം. ലോകത്തിലെ വിവിധ സംസ്കാരങ്ങളുടെ സംഗീത പൈതൃകത്തെയും താളബോധത്തെയും കണക്കിലെടുക്കുമ്പോൾ ആത്യന്തിക യാഥാർത്ഥ്യം താളാത്മകമായ ശബ്ദലയമാണ്, സംഗീതാത്മകമായ വചനമാണ് എന്ന നിഗമനത്തിലാണ് റെയ്മൺ പണിക്കർ എത്തുന്നത്. ദൈവത്തിന്റെയും മനുഷ്യന്റെയും പ്രകൃതിയുടെയും എല്ലാ ധർമങ്ങളോടും കർമങ്ങളോടും ഇഴചേർന്നിരിക്കുന്നത് താളമാണ്.

'ചലനത്തിന്റെ ക്രമമാണ് താളം' എന്ന് പ്ലേറ്റോ ആക്ഷരികമായി പറയുന്നു. ഈ ആക്ഷരിക നിർവചനത്തിന് അപ്പുറത്തേക്ക് പ്ലേറ്റോ പോകുന്നുണ്ട്. വിദ്യാഭ്യാസത്തെ പ്രപഞ്ചതാളത്തിന്റെ അനുഭവസാക്ഷാത്കാരമായി പ്ലേറ്റോ കണ്ടു. സംസ്കൃതത്തിലെ ഋതുവും ഗ്രീക്കിലെ റിഥ്മോസും ഇംഗ്ലീഷിലെ റിഥവും ആരാധനയിലെ റീത്തുസും വേദവിധികളിലെ അനുഷ്ഠാനക്രമവും എല്ലാം ഒരേ താളമാണ്. മലയാളത്തിലെ 'രീതി'യും ഇതേതാളം തന്നെ. "ഭാരതീയ കാവ്യമീമാംസ പ്രകാരം കാവ്യരചനയുടെ അടിസ്ഥാന തത്ത്വം, കാവ്യഭംഗി നൽകുന്ന അംശം (രീതിരാത്മാ കാവ്യസ്യ എന്ന് ആചാര്യമതം)" എന്ന് ശബ്ദതാരാവലി. ഗ്രീക്ക് ഭാഷയിലെ ritmos-ന് ഒഴുക്ക് എന്നർത്ഥമുള്ളതുപോലെ മലയാളത്തിൽ 'രീതി'യ്ക്കും ഒഴുക്ക്, പുഴ എന്ന അർത്ഥവുമുണ്ട്.

പ്രകൃതിയിലും പ്രപഞ്ചത്തിലും അന്തർലീനമായിരിക്കുന്ന താളത്തിന്റെ പ്രസ്ഫുരണമാണ് നൃത്ത

ത്തിൽ നാം കാണുന്നത്. ശൈവ പാരമ്പര്യത്തിൽ സൃഷ്ടി സ്ഥിതിസംഹാരങ്ങളുടെ പ്രതീകമായ, പ്രപഞ്ചനൃത്തമായ നടരാജസങ്കല്പം മുതൽ ഒരു കൊച്ചുകുട്ടിയുടെ നിഷ്ക്കളങ്കമായ നൃത്തം വരെ ഒരേ താളത്തിന്റെ ആവിഷ്ക്കാരമാണ്. പ്രശസ്ത നർത്തകിയായിരുന്ന മാർത്താ ഗ്രഹാം പറഞ്ഞു: "നൃത്തം ചെയ്യുക എന്നു പറഞ്ഞാൽ പ്രപഞ്ചത്തിന്റെ താളക്രമത്തിനനുസരിച്ച് ശ്വാസോച്ഛ്വാസം ചെയ്യുക എന്നാണ്.'' (കൊച്ചുകുട്ടികളെ നൃത്തവും സംഗീതവും അഭ്യസിപ്പിക്കുന്നത് അവരുടെ വിദ്യാഭ്യാസത്തിന്റെ അനുപേക്ഷണീയ ഭാഗമായി നമ്മുടെ നാട്ടിലും ഒരിക്കൽ കരുതിയിരുന്നല്ലോ. ഇപ്പോഴത്തെപ്പോലെ, കലുഷമായ മത്സരങ്ങളിൽ വിജയിച്ച് സമ്മാനം വാങ്ങാനായിരുന്നില്ല ഈ പരിശീലനം. പ്രപഞ്ചതാളത്തിന്റെ തരംഗങ്ങളിൽ സഞ്ചരിക്കാനുള്ള പരിശീലനമായിരുന്നു അത്).

ആധുനിക സംസ്കാരത്തിൽ പ്രകൃതിയുടെയും ഋതുക്കളുടെയും ശരീരത്തിന്റെയും ഭൂമിയുടെയും താളങ്ങളെ അവഗണിച്ചാണ് കെട്ടിടങ്ങൾ പണിയുന്നതും വാഹനമോടിക്കുന്നതും വേഗത കൈവരിക്കുന്നതുമൊക്കെ. സ്ഥലം, കാലം, ആത്മനിഷ്ഠത, വസ്തുനിഷ്ഠത എന്നീ നാല് മൗലിക ഘടകങ്ങളെ ഏകോപിപ്പിക്കുന്നതാണ് താളം. ക്രിസ്തീയ പാരമ്പര്യത്തിൽ, ദൈവദർശനത്തിലൂടെ ലഭിക്കുന്ന beatitude അഥവാ ധന്യമായ ആനന്ദവും ഇന്ത്യയിൽ ശൈവസിദ്ധാന്തത്തിൽ, അനന്തമായ സൗന്ദര്യലഹരിയിലുണ്ടാകുന്ന രസാനുഭൂതിയും സമാനമായിട്ടാണ് പണിക്കർ കാണുന്നത്. മുകളിൽപ്പറഞ്ഞ നാലു യാഥാർത്ഥ്യങ്ങളെ സമന്വയിപ്പിക്കുന്നതാണ് ഇവ രണ്ടും.

പ്രകൃതിയുടെ താളം രേഖീയമോ ചാക്രികമോ സർപ്പിളമോ അല്ല. ശാസ്ത്രീയ ക്ഷേത്രഗണിതമോ മറ്റ് ഗണിതരീതികളോ ഉപയോഗിച്ച് അതിനെ അളക്കുക സാധ്യമല്ല.

പ്രകൃതിയുടെ താളം ബാഹ്യമായി അളക്കാവുന്ന കൊട്ടിന്റെയോ സ്വരത്തിന്റെയോ ചലനത്തിന്റെയോ ആവർത്തനമല്ല. കംപ്യൂട്ടറാണ് അങ്ങനെ ചെയ്യുന്നത്. ഒരു നിശ്ചിത ഇടവേള പ്രോഗ്രാം ചെയ്താൽ ഒരേ സ്വരം അല്ലെങ്കിൽ കൊട്ട് കൃത്യമായി ആവർത്തിക്കാൻ ഡിജിറ്റൽ കീബോർഡിനു കഴിയും. നാം പറയുന്ന താളം അതല്ല. മുൻപ് ഉളവായ ഒരു ശബ്ദത്തിന്റെ തനിയാവർത്തനമല്ല പിന്നീട് വരുന്നത്. ചെണ്ടയിൽ ഒന്നു കൊട്ടിയതിനുശേഷം ജീവനും വൈദഗ്ദ്ധ്യവുമുള്ള ചെണ്ടക്കാരൻ രണ്ടാമത് കൊട്ടുമ്പോൾ അത് തീർത്തും പുതിയൊരു കൊട്ടാണ്. മൂന്നാമത്തേത് കൊട്ടുമ്പോൾ വീണ്ടും പുതിയത്. സ്ഥലകാലങ്ങളും ചെണ്ടക്കാരന്റെ വൈകാരികഭാവങ്ങളും കേൾവിക്കാരുടെ അനുഭവവും പുതിയതാവുന്നു. ഒരുവിധത്തിൽ ഒരു തുടർച്ചയുണ്ട്. രണ്ടാമത്തെ കൊട്ട് ആദ്യത്തെ കൊട്ടിന്റെ ഓർമ്മ സംവഹിക്കുന്നുണ്ട്. അതുകൊണ്ട് ഒന്നാംകൊട്ടും രണ്ടാം കൊട്ടിന്റെ ഹൃദയത്തിൽ ധ്വനിക്കുന്നു. അങ്ങനെയങ്ങനെ തുടരുമ്പോൾ പുതുമയും പഴമയും ചേർന്ന് ഓർമ്മയിലൂടെ സമഗ്രമായ ഏകാനുഭവമായി മേളിക്കുന്നു. ഈ മേളനം കാലങ്ങളെ- ഭൂതം, വർത്തമാനം, ഭാവി എന്നിവയെ- സമന്വയിപ്പിക്കുന്നു. ഓർമയില്ലാതെ താളമില്ല. താളമില്ലാതെ ഓർമയും നിലനിൽക്കയില്ല. സംഗീതത്തിന്റെ താളം ഒരിക്കലും അവസാനിക്കുന്നില്ല. സംഗീതശബ്ദം നിലച്ചാലും താളം തുടരും.

ഇന്ത്യൻ സംഗീതജ്ഞരുടെ ഉദാഹരണം പണിക്കർ എടുക്കുന്നുണ്ട്. ഉദാഹരണമായി കർണാടക സംഗീതത്തിലും മറ്റും കേൾവിക്കാരുടെ മൂഡ് കൂടി നോക്കിയാണ് പാട്ടുകാർ പാടുന്നത്. എപ്പോഴാണ് സംഗീതം തീരുന്നത് എന്ന് അവർക്ക് മുൻകൂട്ടി അറിഞ്ഞുകൂടാ. മനോധർമം ഉപയോഗിച്ച് നീട്ടിക്കൊണ്ടുപോകാൻ അവർക്ക് ഉൾപ്രേരണയുണ്ടാകും. സ്വരം നേർത്ത് നേർത്ത് നിശ്ശബ്ദതയിൽ അലിയുകയാണ്. പക്ഷേ, അതിന്റെ അനുഭൂതി നല്ല ആസ്വാദകനിൽ തുടർന്നുനിൽക്കും.

താളത്തിന് എപ്പോഴും തുടർച്ചയുടെ അപൂർണതയുണ്ട്. ഒരു ഉദ്വേഗം (suspense) ഉണ്ട്. അടുത്ത നിമിഷം എന്താണ് ഉണ്ടാവുകയെന്ന ആകാംക്ഷയാണത്. ആയിരത്തൊന്നു രാവുകളിലെപ്പോലെയാണത് എന്ന് പണിക്കർ പറയുന്നു. ഓരോ രാത്രിയിലും കഥ തീരുന്നത് അപൂർണമായിട്ടാണ്. അടുത്ത കഥയ്ക്കുള്ള വെടിമരുന്നിട്ടുകൊണ്ടാണ്. അതാണ് സസ്പെൻസ് ഇതുവരെ നടന്നതൊന്നും നമ്മെ തൃപ്തിപ്പെടുത്തുന്നില്ല. പുതിയതിനായി നാം കണ്ണും കാതും കൂർപ്പിച്ചു നിൽക്കുന്നു. മിശിഹായുടെ ആസന്നമായ വരവിനുവേണ്ടി നല്ല ജൂതർ കാത്തിരിക്കുംപോലെ. ഇത് വെറുമൊരു ഭാവിയല്ല കാരണം, കാലമോ സമയമോ ഇവിടെ ഇല്ലാതെ പോകുന്നു. സകലത്തിന്റെയും സാക്ഷാത്ക്കാരത്തിനുവേണ്ടിയാണ് നാം വെമ്പുന്നത്. ഈ വെമ്പലും മുന്നോട്ടുള്ള ആയലും ആകാംക്ഷയുമെല്ലാം നല്ല താളം സൃഷ്ടിക്കുന്ന അനുഭൂതിയാണ്.

ഉൺമ (Being)യുടെ സ്വഭാവമാണ് താളം. ദൈവം, മനുഷ്യൻ, പ്രപഞ്ചം എന്ന ത്രിമാന യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നമ്മുടെ ബോധത്തെ സൂചിപ്പിക്കാൻ പണിക്കർ ഉപയോഗിക്കുന്ന വിശേഷണപദമാണ് theanthropocosmic. പിരിച്ചുപറയുമ്പോൾ theos ദൈവം, anthropos മനുഷ്യൻ, cosmos പ്രപഞ്ചം. ഈ സമഗ്ര യാഥാർത്ഥ്യത്തിന് അദ്ദേഹം നൽകുന്ന വ്യാഖ്യാനത്തെ വിശേഷിപ്പിക്കുന്നത് cosmotheandric എന്നാണ്. ഘടകവാക്കുകൾ ആദ്യം കണ്ടതുതന്നെ. ഈ മൂന്നു ഘടകങ്ങളും ഒരേസമയം ഗ്രഹിക്കാൻ ശ്രമിച്ചെങ്കിലെ അതിന്റെ യാഥാർത്ഥ്യസമ്പൂർണതയെക്കുറിച്ചും എന്തെങ്കിലും പരിമിതമായ ഉൾക്കാഴ്ച നമുക്കു ലഭിക്കയുള്ളൂ.

അറിവിന്റെ ആനന്ദം അനുഭവിക്കുന്ന വ്യക്തിയാണ് റെയ്മൺ പണിക്കർ. നിരവധി ഭാഷകളും വിവിധ വൈജ്ഞാനികമണ്ഡലങ്ങളും മതാനുഭൂതികളും ചേർന്ന് നൽകുന്ന ഉൾക്കാഴ്ചകളെ ശുദ്ധമായ ആനന്ദത്തിന്റെ താളമായി മാറ്റാൻ കഴിയുക അപൂർവാനുഭവമാണ്. പ്രപഞ്ചതാളത്തെക്കുറിച്ചുള്ള പണിക്കരുടെ രചന നമ്മുടെ സർവകലാശാലകളിൽ വിദ്യാർത്ഥികളും അധ്യാപകരും മനനം ചെയ്യേണ്ടതാണ്. ●

(സുകുമാർ അഴീക്കോട് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തു നടത്തിയ 'ആധുനിക വിചാര ശില്പികൾ' പരമ്പരയിലെ പ്രഭാഷണം. frkmgeorge@hotmail.com)v